# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)* **CIN:U40100KL2011SGC027424**
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in*
Office of the Director (Distribution , IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail: ddkseb@kseb.in

D (D, IT & HRM)/ COVID 19/ 2019 – 2020/15 19.05.2020

## പരിപത്രം

വിഷയം: കോവിഡ് 19 പ്രതിരോധ നടപടികൾക്കായി വൈദ്യുതികണക്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.

സൂചന : 1. 19.03.2020 ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020 ലെ പരിപത്രം നമ്പർ PS1(B)/Covid-19/മുൻകരുതൽ/2020
3. 23.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/5
7. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/6
8. 21.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/7
9. 27.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/8
10. 29.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/9
11. 30.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/10
12. 05.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/11
13. 08.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/12

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ പല സ്ഥലങ്ങളിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻ്റൈൻ സംവിധാനങ്ങളും കോവിഡ് കെയർ സെൻ്ററുകളും ഒരുക്കിവരുന്നു. വൈദ്യുതികണക്ഷൻ ഉള്ളതും ഇല്ലാത്തതുമായ പ്രെമിസസുകൾ ഇതിൽ ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ ഇത്തരത്തിൽ സ്വകാര്യ - സർക്കാർ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻ്റൈൻ സംവിധാനങ്ങളിലും കോവിഡ് കെയർ സെൻ്ററുകളിലും വൈദ്യുതി കണക്ഷനുകൾ നൽകുന്നത് സംബന്ധിച്ച് താഴെപറയുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഇത്തരം സ്ഥാപനങ്ങളുടെ പട്ടിക ജില്ലാഭരണകൂടത്തിൽനിന്നും ബന്ധപ്പെട്ട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശേഖരിക്കേണ്ടതാണ്.
2. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻ്റൈൻ സംവിധാനങ്ങൾ, കോവിഡ് കെയർ സെൻ്ററുകൾ എന്നിവയ്ക്കായി പുതിയ കണക്ഷനുകൾ നൽകുമ്പോഴും നിലവിലുള്ള കണക്ഷൻ ഉപയോഗിക്കുമ്പോഴും ഒരുമാനെറ്റിൽ 'purpose' ആയി 'ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻ്റൈൻ സംവിധാനം' / 'കോവിഡ് കെയർ സെൻ്റർ' (ബാധകമായത്) എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ മാറ്റം ഒരുമാനെറ്റ് സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ ചീഫ് എൻജിനീയർ (IT,CR&CAPs) സ്വീകരിക്കേണ്ടതാണ്.

3. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനങ്ങൾ (താമസസൗകര്യം മാത്രം ഉള്ളവ) ഗാർഹിക താരിഫിലും കോവിഡ് കെയർ സെന്ററുകൾ (ചികിത്സാ സൗകര്യം ഉള്ളവ) സർക്കാർ ആശുപത്രികൾക്ക് ബാധകമായ താരിഫിലും താത്കാലികമായി ഉൾപ്പെടുത്തേണ്ടതാണ്.
4. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനങ്ങൾ, കോവിഡ് കെയർ സെന്ററുകൾ എന്നിവയ്ക്കായി അനുവദിക്കുന്ന വൈദ്യുതി കണക്ഷനുകൾക്ക് പ്രതിമാസ ബില്ലിംഗ് രീതി അവലംബിക്കേണ്ടതാണ്.

**5. പുതുതായി വൈദ്യുതികണക്ഷൻ നൽകുന്ന സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ**

5.1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, റവന്യൂ, ആരോഗ്യവകുപ്പ് അധികാരികളോ നൽകുന്ന അപേക്ഷയിന്മേൽ ഇത്തരം താത്കാലിക വൈദ്യുതികണക്ഷനുകൾ അനുവദിക്കാവുന്നതാണ്.

5.2. അപേക്ഷ നൽകുന്ന വകുപ്പിലെ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക പദവിയിൽ വൈദ്യുതി കണക്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

5.3. അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഇത്തരം സ്ഥാപനങ്ങളിൽ വൈദ്യുതി ചാർജ് കുടിശിക ഉണ്ടെങ്കിലും മേൽ ആവശ്യങ്ങൾക്കായി താത്ക്കാലിക കണക്ഷനുകൾ അനുവദിക്കാവുന്നതാണ്.

5.4. കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കഴിയുന്നതും 'പുതിയ കണക്ഷനുള്ള അപേക്ഷാ ഫോറത്തിൽ' തയ്യാറാക്കി വാങ്ങുവാൻ ശ്രമിക്കേണ്ടതാണ്. എന്നാൽ ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ അപേക്ഷിക്കുന്ന വകുപ്പിന്റെ ലെറ്റർഹെഡ്ഡിൽ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയാൽ ആയത് വൈദ്യുതികണക്ഷനുള്ള അപേക്ഷയായി പരിഗണിക്കേണ്ടതാണ്.

5.5. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനങ്ങൾ, കോവിഡ് കെയർ സെന്ററുകൾ എന്നിവയ്ക്ക് കെട്ടിടഉടമയുടെ സമ്മതപത്രം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ കണക്ഷൻ നിഷേധിക്കാൻ പാടില്ല.

5.6. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായ അപേക്ഷാഫീസ്, ECSC തുക, കരുതൽ നിക്ഷേപം എന്നിവ കണക്കാക്കി ഡിമാൻഡ് നൽകേണ്ടതാണ്. എന്നാൽ ഇത് പ്രകാരമുള്ള തുക പൂർണ്ണമായോ ഭാഗികമായോ ഒടുക്കുന്നതിനു കാലതാമസം ഉണ്ടെങ്കിൽ പോലും താത്കാലിക വൈദ്യുതികണക്ഷനുകൾ നൽകേണ്ടതാണ്. വിവിധ വകുപ്പുകളിൽനിന്നുള്ള കുടിശികയുടെ വിവരം സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാനുള്ള സൗകര്യം ഒരുമാനെറ്റ് സോഫ്റ്റ്‌വെയറിൽ ഒരുക്കുന്നതിന് ചീഫ് എൻജിനീയർ (IT,CR & CAPs) നെ ചുമതലപ്പെടുത്തുന്നു.

5.7. ബന്ധപ്പെട്ട അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ഇത്തരത്തിൽ നൽകിയ കണക്ഷനുകൾ ഫൈനൽ റീഡിംഗിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് തയ്യാറാക്കിയശേഷം വിച്ഛേദിക്കേണ്ടതാണ്.

6. **നിലവിൽ വൈദ്യുതികണക്ഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ കോവിഡ് 19 പ്രതിരോധ നടപടികൾക്കായി ഉപയോഗിക്കുന്ന സാഹചര്യം**

   6.1. നിലവിൽ വൈദ്യുതികണക്ഷൻ ഉള്ള സ്ഥാപനങ്ങൾ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനങ്ങൾ, കോവിഡ് കെയർ സെന്ററുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ കട്ട്-ഓഫ് റീഡിങ് എടുക്കേണ്ടതാണ്. ലോക്ക്ഡൗൺമൂലമോ മറ്റോ നിലവിൽ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ മെയ് മാസം ആദ്യം എടുത്ത റീഡിങ് 'കട്ട്-ഓഫ് റീഡിങ്' ആയി കരുതാവുന്നതാണ്.

   6.2. ഉപഭോക്താക്കളോ, ബന്ധപ്പെട്ട അധികാരികളോ ആവശ്യപ്പെടുന്നപക്ഷം കട്ട്-ഓഫ് റീഡിങ്ങിന്റെ അടിസ്ഥാനത്തിൽ മുൻകാലയളവിലേക്കുള്ള ബിൽ തയ്യാറാക്കി നൽകേണ്ടതാണ്. എച്ച്.റ്റി ഉപഭോക്താക്കളുടെ ബിൽ സ്പെഷ്യൽ ഓഫീസർ (റെവന്യൂ) തയ്യാറാക്കി നൽകേണ്ടതാണ്.

   6.3. ബന്ധപ്പെട്ട അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ഇത്തരത്തിൽ നൽകിയ കണക്ഷനുകൾ കട്ട്-ഓഫ് റീഡിംഗിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് തയ്യാറാക്കേണ്ടതാണ്.

7. **സ്ഥാപനം ഭാഗികമായി കോവിഡ് 19 പ്രതിരോധ നടപടികൾക്കായി ഉപയോഗിക്കുന്ന സാഹചര്യം**

   7.1. നിലവിൽ വൈദ്യുതികണക്ഷനുള്ള സ്ഥാപനത്തിന്റെ ഒരുഭാഗം മാത്രമായി ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനങ്ങൾ, കോവിഡ് കെയർ സെന്ററുകൾ എന്നിവയ്ക്കായി നൽകുകയും മറ്റുഭാഗങ്ങളിൽ ഇപ്പോഴുള്ളപ്രവർത്തനം തുടരുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉപഭോക്താവിന് ഉണ്ടായിരിക്കും. ഇത്തരം സാഹചര്യങ്ങളിൽ

      1) താരിഫ്, ബില്ലിംഗ് സൈക്കിൾ എന്നിവയിൽ യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.
      2) ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനങ്ങൾ, കോവിഡ് കെയർ സെന്ററുകൾ എന്നിവയ്ക്കായി താത്കാലികമായി അധികലോഡ് വരുന്നു എങ്കിൽപോലും അത് ബില്ലിംഗ് ആവശ്യങ്ങൾക്കും മറ്റും പരിഗണിക്കേണ്ടതില്ല.

   7.2. നിലവിലുള്ള ഉപഭോക്താവോ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരോ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം നിലവിലുള്ള കണക്ഷനിൽ നിന്നും ToD സൗകര്യമുള്ള ഒരു സബ്മീറ്റർ സ്ഥാപിച്ച് പ്രത്യേക ആവശ്യത്തിനുള്ള ഉപഭോഗം കണക്കാക്കി നൽകാവുന്നതാണ്. മീറ്റർ സ്ഥാപിക്കുക, റീഡിംഗ് എടുക്കുക എന്നിവയ്ക്ക് പ്രത്യേക ചാർജ്ജ് ഈടാക്കേണ്ടാതില്ല.
   ഇങ്ങനെ ആവശ്യപ്പെടുന്ന അപേക്ഷകൻ തന്നെ നിലവിലുള്ള വയറിങ്ങിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും, സബ്മീറ്റർ സ്ഥാപിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

   7.3. അപേക്ഷകൻ ആവശ്യപ്പെടുന്നമുറയ്ക്ക് ഇത്തരം കണക്ഷനുകളിൽ ഇനിഷ്യൽ, ഫൈനൽ റീഡിംഗുകളുടെ അടിസ്ഥാനത്തിൽ ഉപഭോഗം, ഡിമാന്റ് എന്നിവ കണക്കാക്കി നൽകേണ്ടതാണ്.

Sam Kiran

**ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ**

എല്ലാ ഓഫീസ് മേധാവികൾക്കും